ശ്രീ. കെ. കുഞ്ഞമ്പു : ഈ കാര്യം ഗവണ്മെന്റു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഈ അടുത്ത കാലത്തു് ഒരു സ്കൂളിന്റെ മേൽക്കൂര തകർന്നതായും, അതിന്റെ ഫലമായി ഒരു കുട്ടി മരിച്ചതായും ഗവണ്മെന്റിനറിയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ നിർഭാഗ്യകരമായ ഒരവസ്ഥയുണ്ടായി. ഒരു വലിയ ചുഴലിക്കാറ്റു് അടിച്ചതിന്റെ ഫലമായി സ്കൂളിന്റെ മേൽക്കൂര തകരുകയും, അതിന്റെ ഫലമായി ഒരു കുട്ടി മരിക്കുകയുമാണുണ്ടായതു്. അവിടെ തൊട്ടടുത്തു് പന്തീരായിരം രൂപ ചെലവുചെയ്തു് ഒരു കെട്ടിടം ഉണ്ടാക്കിയിട്ടുണ്ടു്. ആ കെട്ടിടത്തിലേക്കു് ഈ സ്കൂൾ മാറ്റാൻ തീരുമാനിച്ചിരിക്കുമ്പോഴാണു് ഈ അത്യാഹിതം സംഭവിച്ചതു്.

ശ്രീ. പി. സി. ആദിച്ചൻ : രാജ്ഭവനിൽവച്ചു് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അഡ്വൈസറികമ്മറ്റിമീറ്റിംഗിൽ ഹരിജൻ വെൽഫെയർ സ്കൂളുകളിൽ മേപ്പു്, ഗ്ലോബു് മുതലായ ഉപകരണങ്ങളും കൊടുക്കണമെന്ന റസല്യൂഷൻ പാസ്സാക്കിയിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതറിയാം. ഈ ഉപകരണങ്ങളും ഇല്ലാത്ത സ്കൂളുകളിൽ അതു കൊടുക്കുവാനാണു് അന്നു തീരുമാനിച്ചതു്.

Township in the Eloor area

* 376. [7] **Shri K. R. Vijayan** : Will the Minister for Industries and Local Administration be pleased to state :

(a) whether the Government propose to constitute a township in the Eloor area ;

(b) if so, which are the factories that would be benefited by it;

(c) what is the approximate population in the area ; and

(d) whether the Government would have to bear any financial burden in this behalf ?

Minister for Industries (**Shri K. A. Damodara Menon**) :

(a to d) A proposal for the constitution of a township in the Eloor area is under consideration. The details have not been finalised.

ശ്രീ. കെ. ആർ. വിജയൻ : ഈ ആവശ്യത്തിനുവേണ്ടി ഒരു ബിൽ ഏറ്റവും വേഗം ഈ നിയമസഭയിൽ അവതരിപ്പിക്കാൻ വേണ്ട നടപടി എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇതിനു് പ്രത്യേകം ഒരു ബില്ലിന്റെ ആവശ്യമില്ല. നാമിവിടെ പാസ്സാക്കിയിട്ടുള്ള പഞ്ചായത്താക്ടിലെ ചില വ്യവസ്ഥയനുസരിച്ചു് ആവശ്യമുള്ള സ്ഥലങ്ങളിൽ ടൗൺഷിപ്പു് ഉണ്ടാക്കാം.

ശ്രീ. കെ. സി. എബ്രഹാം : ഈ പ്രദേശം ടൗൺഷിപ്പു് ആക്കുന്നതു സംബന്ധിച്ചു് വല്ല പ്രതിഷേധവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : വരാപ്പുഴ പഞ്ചായത്തു പ്രസിഡണ്ടു് വരാപ്പുഴയിൽപ്പെട്ട സ്ഥലങ്ങളും ടൗൺഷിപ്പിൽപ്പെടുത്തേണ്ടാ എന്നു പറഞ്ഞിട്ടുണ്ടു്. അവയൊക്കെ പരിഗണിക്കും.

ശ്രീ. എം. സി. എബ്രഹാം : മറ്റേതെങ്കിലും സ്ഥലത്തു് ടൗൺഷിപ്പിനു പ്രപ്പോസൽ ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : ഏതെല്ലാം സ്ഥലത്തെ സംബന്ധിച്ചാണ് പ്രപ്പോസൽ ഉള്ളതെന്നു ഇപ്പോഴം പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. ഹമീദാലി ഷെംനാഡ് : ടൗൺഷിപ്പും, മുനിസിപ്പാലിറ്റിയും തമ്മിലുള്ള വ്യത്യാസമെന്താണ്?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതാതു് ആക്റ്റുകളം വായിച്ചാൽ മനസ്സിലാകും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ ഉദ്ദേശം സംബന്ധിച്ചു ബന്ധപ്പെട്ട പഞ്ചായത്തു പ്രസിഡണ്ടുമാരെയും, മറ്റാളുകളെയും വിളിച്ചുകൂട്ടി ഒരു തീരുമാനമെടുക്കുവാൻ നടപടി എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : തീരുമാനം എടുക്കുന്നതിനുമുൻപു് ബന്ധപ്പെട്ട ആളുകളുമായി ചർച്ച നടത്തുന്നതിനു വിരോധമില്ല.

ശ്രീ. പി. സി. രാഘവൻ നായർ : കോഴിക്കോടു താലൂക്കിൽ മാവൂർ എന്ന സ്ഥലത്തു് ഒരു ടൗൺഷിപ്പു് രൂപീകരിക്കുവാൻ ആലോചനയുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : മാവൂരിൽ ഒരു ടൗൺഷിച്ചു് ഉണ്ടാക്കണമെന്നു് നിർദ്ദേശം കിട്ടിയിട്ടുണ്ടോ എന്നു ഇപ്പോഴം പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. അബ്ദുൽഖാദർ : ഏലൂർ ടൗൺഷിപ്പു് ഏർപ്പെടുത്തുന്ന കാര്യത്തിൽ ആ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന നിയോജകമണ്ഡലത്തിലെ എം. എൽ. എ. യുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ആ അഭിപ്രായം എന്താണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ നിയോജകമണ്ഡലത്തിലെ എം. എൽ. എ. യാണു് ഈ വിഷയം കൈകാര്യം ചെയ്യുന്ന മന്ത്രി. അതു കൊണ്ടു് അദ്ദേഹത്തിന്റെ അഭിപ്രായം തീർച്ചയായും ഇതിൽ പരിഗണിക്കപ്പെടും.

ശ്രീ. ടി. മുരുകേശൻ : தேவிகுளம் தாலுகாவிலுள்ள மூணார் பஞ்சாயத்தை டவுண்-ஷிப்-ஆக மாற்றவேண்டுமென்று நமது கவர்மென்டுக்கு விண்ணப்பங்கள் ஏதேனும் வந்ததுண்டா ? இல்லையெனில் இதைப் பற்றி சர்க்காருக்கு proposal உண்டா ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെയൊരു പ്രപ്പോസൽ ഉണ്ടു്.

ശ്രീ. ടി. முருകേசன் : സർ, உண்டென்றால் அது எப்பொழுது நடைபெறும் ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിപ്പോഴം ശൊല്ലമുടിയാതു്. പാർക്കലാം.

[തിരുവനന്തപുരം സിറ്റി സർവ്വീസു്.

* 377. [2] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ശ്രദ്ധേയവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി സർവ്വീസു് ലാഭകരമാക്കുന്നതിനുവേണ്ടി ഗവണ്മെന്റു് കൈക്കൊണ്ട നടപടികളം ഏവ ;

(ബി) 1963-64 വർഷത്തിലെ പ്രവർത്തനഫലമായി സിറ്റി സർവ്വീസിൽ എത്ര രൂപ ലാഭം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു ;

(സി) എറണാകുളം, മട്ടാഞ്ചേരി പട്ടണങ്ങളിൽ സ്റ്റേറ്റു ട്രാൻസ്പോർട്ടു് സിറ്റി സർവ്വീസു് ആരംഭിക്കുന്നതിനു് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly